

THURSDAY 21.12.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, ചിറയിൻകീഴ്, വാമനപുരം, നെടുമങ്ങാട് എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രെണർഷിപ് ആൻഡ് മാനേജ്മന്റ് തഞ്ചാവൂർ ഒരു ഓൺലൈൻ ഹ്രസ്വ കോഴ്സ് എന്റർപ്രെണർഷിപ് ഡെവലപ്മെന്റ് ഇൻ ഫുഡ്പ്രോസസ്സിംഗ് എന്ന വിഷയത്തിൽ ജനുവരി 8 മുതൽ 10 വരെ സംഘടിപ്പിക്കുന്നു കൂടുതൽ വിവരങ്ങൾക്ക് 9750968420, 9842639565 എന്നീ നമ്പരുകളിൽ ബന്ധപെടുക. രജിസ്ട്രേഷൻ ഫീസ് 1180 രൂപ. http://niftem-t.ac./training.php എന്ന ലിങ്ക് വഴി ജനുവരി 5 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസും MSME – ഡെവപ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ ഓഫീസ് തൃശ്ശൂരും സംയുക്തമായി ഗോൾഡൻ ജൂബിലി ഹാൾ- MSME – DFO, തൃശ്ശൂരിൽ വച്ച് 2024 ജനുവരി 3-ാം തീയതി 9 മണി മുതൽ 5 മണിവരെ ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു. പ്രവേശനം സൗജന്യം. മുൻകൂർ രജിസ്ട്രേഷൻ നിർബന്ധം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 7559008308 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, കേരള കാർഷിക സർവകലാശാല ആരംഭിച്ച മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആണ് Organic Interventions for Crop Sustainability. പൂർണമായും ഓൺലൈൻ ആയുള്ള ഈ കോഴ്സസ് പ്ലസ് ടു വിജയിച്ച ആർക്കും ചെയ്യാവുന്നതാണ്. താല്പര്യം ഉള്ളവർ https://forms.gle/MFzYDVspFug1pSci7 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യുക.

5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കിഴക്കേക്കോട്ടയിലുള്ള അഗ്രോ സൂപ്പർ ബസാറിൽ കാർഷിക ഉത്പന്നങ്ങളും,. കാർഷികയന്ത്രങ്ങളും സ്റ്റോക്ക് ക്ലിയറൻസിന്റെ ഭാഗമായി വമ്പിച്ച വിലക്കുറവിൽ വിറ്റഴിക്കുന്നു. ഇന്നു (ഡിസംബർ 20) മുതൽ മെഗാ ഡിസ്കൗണ്ട് മേള ആഗ്രോ സൂപ്പർ ബസാറിൽ ആരംഭിക്കുന്നു. 70% വരെ വിലക്കുറവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ അവസരം കർഷകർ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സ്വന്തമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9562941221, 9048920261 എന്നീ ഫോൺ നമ്പരുമായി ബന്ധപ്പെടുക.

6. സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പേട്ടയിലുള്ള ഹെഡ് ഓഫീസിൽ 60 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9495000915, 0471 2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

7. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഈ മാസം 23ന് (23.12.2023) 10 മണി മുതൽ **ജൈവജീവാണു വള പ്രയോഗവും കമ്പോസ്റ്റ് നിർമ്മാണ രീതികളും** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0466 2212279, 29122008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

8. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 27, 28 തീയതികളിൽ പശു വളർത്തലിൽ പരിശീലനം നൽകുന്നു. കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലെ താൽപര്യമുള്ള കർഷകർ ഡിസംബർ 26നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 04972 763473 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കാർഷിക നിർദ്ദേശം -പയറിലെ മുഞ്ഞ -രോഗ ലക്ഷണങ്ങൾ :

മുഞ്ഞകൾ സസ്യ ഭാഗങ്ങളിൽ പറ്റിപ്പിടിച്ചിരുന്ന് നീരൂറ്റിക്കുടിക്കുന്നതിനാൽ ഇലകൾ മഞ്ഞളിക്കുകയും ഉണങ്ങുകയും ചെയ്യുന്നു. ചെടിയുടെ വളർച്ച മുരടിക്കുകയും ചെയ്യുന്നു.കീടബാധയേറ്റ കായ്കൾ നശിച്ചു പോകുകയും ചെയ്യുന്നു.

നിയന്ത്രണ മാർഗങ്ങൾ :

ഒരു ലിറ്റർ തയ്യാറാക്കിയ പുകയില കഷായം ആറു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിച്ച് കൊടുക്കുക. ബിവേറിയ/ വെർട്ടിസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രൂക്ഷമായ ആക്രമണം ഉള്ള ചെടികളിൽ റോഗർ എന്ന കീടനാശിനി 15 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. കൃഷിസംബന്ധമായ സംശയങ്ങൾക്ക് 1800 425 1661 എന്ന ടോൾഫ്രീ നമ്പരിൽ വിളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം